## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 490 　　　　 01.12.2015 ൽ മറുപടിക്ക്

## കേന്ദ്ര റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായിട്ടുള്ള മുന്നൊരുക്കങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : | | ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ റെയിൽവേ ലൈനുകളുടെ വൈദ്യുതീകരണം, പുതിയ പദ്ധതികളും ട്രെയിനുകളും എന്നിവ സംബന്ധിച്ച് അടുത്ത റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ മുന്നൊരുക്കങ്ങൾ എന്തെല്ലാം നടത്തി വരുന്നു എന്ന് വിശദമാക്കുമോ ;<br><br>(ബി) ഇക്കാര്യത്തിൽ എം.പി. മാരുമായി ബന്ധപ്പെട്ട് കേന്ദ്രത്തെ സമീപിച്ച് ആവശ്യങ്ങൾ സമർപ്പിക്കുന്നതിന് നടപടി യുണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (എ) യും<br>(ബി) യും | സംസ്ഥാനത്തെ റെയിൽവേയുടെ സമഗ്ര വികസനത്തിനായി ചെയ്യേണ്ട കാര്യങ്ങൾ എല്ലാം തന്നെ വിശദമാക്കി മുൻ റെയിൽവേ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചവയിൽ ഇനിയും നടപ്പാക്കാത്ത കാര്യങ്ങൾക്കൊപ്പം മുൻ ഗണനാക്രമത്തിൽ ചേർത്ത് തയ്യാറാക്കിയ കരട് മെമ്മോറാണ്ടം സംസ്ഥാന സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ടി മെമ്മോറാണ്ടത്തിലെ ആവശ്യങ്ങൾ എല്ലാം തന്നെ 2016-17 ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നേടിയെടുക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താനായി കരട് മെമ്മോറാണ്ടം നിർദ്ദേശങ്ങൾ നൽകി വിപുലീകരിക്കുന്നതിന് പകർപ്പ് ബഹു. എം.പിമാർക്ക് നൽകിയിരുന്നു. കൂടാതെ 17.11.2015 ൽ പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് മുന്നോടിയായി ചേർന്ന കേരളത്തിൽ നിന്നുള്ള എം.പിമാരുടെ യോഗത്തിൽ ടി മെമ്മോറാണ്ടവും കേരളത്തിലെ റെയിൽവേ |

| | | |
|---|---|---|
| | | വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളും ചർച്ച ചെയ്തിട്ടുണ്ട്. എം.പിമാരുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി വിശദമായ മെമ്മോറാണ്ടം 2015 ഡിസംബറിൽ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ ടി വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ഡിസംബർ രണ്ടാം വാരം കേരളത്തിൽ നിന്നുള്ള എം.പിമാരുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഡൽഹിയിൽ ചേരുവാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ